

ചിത്രീകരണം :

# ഇല്ലം നിറ

കെ.ആർ.ഇന്ദിര

“മാക്ക്വോ..... മാക്ക്വോ.........”

മനയ്ക്കലെ കാര്യസ്ഥൻ ഇട്ടിരാരിച്ചൻ നായർ പടിക്കൽനിന്ന് നീട്ടി വിളിച്ചു. മാക്കുണ്ണ്യേട്ടൻ എന്ന് സ്വജാതിക്കാരെ വിളിയ്ക്കൂ. മേൽജാതിക്കാരൊക്കെ മാക്കു എന്നു വിളിയ്ക്കും.

മാക്കുണ്ണി ഉമ്മറക്കോലായിൽ നിന്ന് മുറ്റത്തേക്കിറങ്ങി. പടിയ്ക്കൽത്തന്നെ തറഞ്ഞുനിന്ന നായരോട് വിളിച്ചുചോദിച്ചു.

“ഇട്ട് രാച്ചൻ കമ്മള് ങ്ങട് കേറ്ണ്ല്ല്യാവോ?”

“ഇല്ല്യാ. തെരക്ക്ണ്ട്. നെന്നോടേയ് മനയ്ക്കിലിയ്ക്ക് ചെല്ലാൻ പറഞ്ഞട്ക്ക്ണു”

“എന്തേ ആവോ?”

“അദൊക്കെ നീയവിടെ ചോയ്ച്ചോ”

“അപ്പൊ എന്തോ കൊഴപ്പംണ്ടലോ”

“ങ്ങ്ന്നെന്നെ കൂട്ടിക്കോ”

“എന്തേ ആവോ?”

“നീ ചെത്താൻ കേറ്ണ പനേമ്മൽന്ന് മനയ്ക്കലെ കൊളത്ത്‌ലിയ്ക്ക് നല്ല കാഴ്ച്ച്യാല്ലേ?”

“അദ്പ്പൊ കണ്ണ് പരോശായിത്തൊടങ്ങീതോണ്ട് അത്രയ്ക്ക് നല്ല കാഴ്ച്ച്യല്ലാന്ന് പറേണ്ടീരും”

“ന്നാലും നീയൊരൂട്ടൊക്കെ കണ്ട്ട്ട്ണ്ടാവൂലോ”

“ഹെയ്, അത്രയ്ക്കൊന്നൂല്ല്യ”

“ശ്ശി കാലായോ നീയിത് തൊടങ്ങീട്ട്?”

“പനങ്ങനെ നീളം വെച്ചത് ഇന്നല്യോ മിനിഞ്ഞാന്നോ റ്റെല്ലെ?”

“ന്തായാലും പനേമ്മെക്കേറ്യോൾടെ ഒരു ഭാഗ്യം! ങാ ചെല്ലാ മനയ്ക്കിൽ യ്ക്ക്. നാളെ വെളിച്ചാമ്പൊത്തന്ന്യാ യ്ക്കോട്ടെ”

“കരുവെളിച്ചാമ്പൊ ചീത്ത കേക്ക്ണേക്കാളും ഭേദം മോന്തിയ്ക്കാ. തേച്ചുളിച്ച് കെഴ്കിക്കളഞ്ഞ് കെടന്നൊറങ്ങാലോ. കുഞ്ഞുട്ട്യേയ്... ആ തോർത്തുണ്ട് ങ്ങട്ത്തോ. അവടെച്ചെന്നാ തലേമ്മ്ന്നഴിച്ച് അരേക്കെട്ടണ്ടതാ”

“ഹെയ്, ന്നാ ബ്ട്ന്നന്ന്യങ്ങട് അരേക്കെട്ടിക്കൂടെ?”

“അതെങ്ങന്യാ ശെര്യാവാ? തലേമ്മെക്കെട്ട്യാലല്ലെ അഴിയ്ക്കാൻ പറ്റൂ? അല്ലെങ്കിലെങ്ങന്യാ ആചാരാവാ?”

“ഹൗ അത്ര വിചാരിച്ചില്ല്യ!”

****

“മാക്കു പടിപ്പെരടെ പൊറത്തൊണ്ട്ന്ന് തമ്പ്രാനോടൊന്ന് പറേണേയ്”

“ട്ട്വോ മാക്ക്വോ, ങ്ങട് കാഴ്ചപ്പൊറത്തയ്ക്ക് നീങ്ങിനിക്ക്”

“റാൻ”

“നീയ് പനേമ്മ്ന്ന് മനയ്ക്കലെക്കൊളത്ത്‌ൽക്ക് നോക്കീന്നോ കണ്ടൂന്നോ ഒക്കെ ബടെ ഇരിയ്ക്കണമ്മ പറഞ്ഞ് കേൾക്കുണ്ടായി. സത്യാണലോല്ലെ?”

“റാൻ. അട്യേന്റെ പഴംകുറ്റപ്പാട് പൊറുക്കണം”

“മാക്ക്വോ, നീയെന്താ ഭാവം?”

“റാൻ! പനേമ്മൽന്ന് നോക്ക്യാ കൊളത്ത്‌ൽയ്ക്ക് കാണ്വോന്ന് ഒന്ന് കേറി നോക്ക്യാൽ തരക്കട്ല്ല്യാർന്നു”

“ഫ. കൊരങ്ങ്യാ... നിപ്പൊ നോം പനേമ്മെക്കേറണംന്നാ നീയ് പറേണ്?”

“റാൻ! കൽപ്പിച്ച് പൊറ്ക്കണം. പഴമനസ്സ്‌ലെ പൊട്ടത്തരങ്ങള്”

“നീയെന്താ പെഴ കെട്ടാൻ നിശ്ചയിച്ചെടക്കണത്?”

“അല്ലാ അദ്പ്പൊ അട്യേൻ...!”

“നീയ് കണ്ടൂന്നെന്നെ കൂട്ടിക്കൊ. പെഴ്യായിട്ട് പത്ത് വെട്ട്പ്പൻ നെല്ല് ബടെ കൊണ്ടന്ന് അളന്ന് ട്ട്ളാ”

“റാൻ! പനേമ്മെ നീം കേറാലോല്ലെ? കൊളം അവടെത്തന്നെ ണ്ടാവൂലോല്ലെ? അല്ലാ പന മേപ്പട്ടെന്ന്യാ പോണതേയ്...”

“അതതതേയ്... ബടെ പത്തായത്ത്‌ല് ഒഴിവൂണ്ടാവും. കാര്യങ്ങള് മുറയ്ക്കങ്ങട് നടന്നോട്ടെ.”

“റാൻ....”



കേരളീയം പുസ്തകശാലയുടെ പ്രഥമ പുസ്തകം
2007 നവംബർ 14 കേരള സാഹിത്യ അക്കാദമി
തൃശൂരിൽ വൈകീട്ട് 5 മണിക്ക്
കെ.ആർ. ഇന്ദിരയുടെ
**ഇല്ലംനിറ** (കഥകൾ)
പ്രകാശനം ചെയ്യുന്നു.